"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ മുഖേന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ (ആർ.ഒ.പ്ലാന്റുകൾ) സ്ഥാപിക്കുന്നതിന് എംപാനൽ ചെയ്ത ഏജൻസികളെ ടെണ്ടർ നടപടികൾ കൂടാതെ തെരഞ്ഞെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കുടുംബശ്രീക്കും അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2013/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/09/2019

പരാമർശം:- 1 28/09/18-ലെ സ.ഉ.(സാധാ)നം. 2526/18/ത.സ്വ.ഭ.വ. ഉത്തരവ്

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/07/19-ലെ 11299/പി/18/കെ.എസ്.എച്ച്.ഒ. നം. കറിപ്പ്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30/07/2019 ൽ ചേർന്ന യോഗത്തിലെ തീരുമാനം നം.4.25

**<u>ഉത്തരവ്</u>**

05/09/18-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതാല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നം.4.13-ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം(1) ഉത്തരവ് പ്രകാരം കുടുംബശ്രീ മുഖേന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ (ആർ.ഒ.പ്ലാന്റുകൾ) സ്ഥാപിച്ച് പൂർണ്ണ ശേഷിയിൽ പ്രവർത്തനം നടത്തി കുടിവെള്ള വിതരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ ചെലവു വരുന്ന മാതൃകയാണ് ഉണ്ടായിരുന്നതെന്നും ഇത് സ്ഥാപിക്കുന്നതിന് കുടുംബശ്രീ യൂണിറ്റിന് 15 ലക്ഷം രൂപയോളം മുതൽ മുടക്ക് വരുന്നുണ്ടെന്നും 6 മാസത്തെ പ്രവർത്തന മൂലധനം അധികമായി കണ്ടെത്തേണ്ടതായി വരുന്നുണ്ടെന്നും മറ്റു സംസ്ഥാനങ്ങളിൽ ഇതിലും കുറഞ്ഞ ചെലവിൽ വ്യത്യസ്ത ഉല്പാദന ശേഷിയുള്ള പ്ലാന്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ടെന്നും ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും തുടർ സേവനം ലഭ്യമാക്കുന്നതിനും EoI ക്ഷണിക്കുകയും ചുവടെ കൊടുത്തിരിക്കുന്ന മൂന്ന് ഏജൻസികളെ തെരഞ്ഞെടുത്ത് കുടുംബശ്രീ അടുത്ത രണ്ട് വർഷത്തേക്ക് (പ്ലാന്റുകളുടെ കപ്പാസിറ്റി / നിരക്ക് സഹിതം) എം. പാനൽ ചെയ്തിട്ടുണ്ടെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഏജൻസി | പ്ലാന്റ് കപ്പാസിറ്റി | പരമാവധി നിരക്ക് |
|---|---|---|---|
| 1 | M/s. Tata Project Ltd, Utility Services Division, Splendid Towers, 6th Floor, Begumpet, Hyderabad - 500016 | 100 LPH | 261431 |
| | | 500LPH | 323910 |
| | | 1000 LPH | 427750 |
| | | 2000 LPH | 624929 |

| | | | |
|---|---|---|---|
| 2 | M/s Piramel Water Pvt. Ltd A-705-709, Dev Auram Building Anand Nagar Road, Prahlad Nagar, Ahamedabad - 380013 | 100 LPH | 261431 |
| | | 500 LPH | 323910 |
| | | 1000 LPH | 427750 |
| | | 2000 LPH | 624929 |
| 3 | M/s. M.S.Scientific & Aqua Systems 5-2-13/2, 2nd Floor, Chaithanya Tower, Hyderbasti, Bansilapet, Secunderabad - 500003 | 100 LPH | 261431 |
| | | 500 LPH | 323910 |
| | | 1000 LPH | 427750 |
| | | 2000 LPH | 624929 |

ടി ഏജൻസികളെ ടെണ്ടർ നടപടി കൂടാതെ തെരഞ്ഞെടുക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കുടുംബശ്രീയ്ക്കും അനുമതി നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2)30/07/2019 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓാർഡിനേഷൻ കമ്മിറ്റി ടി വിഷയം പരിഗണിക്കുകയും കുടുംബശ്രീ മുഖേന ആർ.ഒ.പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എംപാനൽ ചെയ്ത പ്രസ്തുത ഏജൻസികളെ ടെണ്ടർ നടപടികൾ കൂടാതെ തെരഞ്ഞെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കുടുംബശ്രീക്കും നിബന്ധനകളോടെ അനുമതി നൽകാൻ പരാമർശം(3)പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(3) പ്രകാരമുള്ള വികേന്ദ്രികൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകളോടെ കുടുംബശ്രീ മുഖേന ആർ.ഒ.പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എംപാനൽ ചെയ്ത പ്രസ്തുത ഏജൻസികളെ ടെണ്ടർ നടപടികൾ കൂടാതെ തെരഞ്ഞെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കുടുംബശ്രീക്കും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ആർ.ഒ പ്ലാന്റുകൾ കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിനു മാത്രമാണ് പ്രസ്തുത ഏജൻസികളെ ടെണ്ടർ കൂടാതെ തെരഞ്ഞെടുക്കാവുന്നത്.
ii. പരമാവധി നിരക്ക് മുകളിൽ പറഞ്ഞ പ്രകാരമായിരിക്കും.
iii. ആവശ്യമെങ്കിൽ മുകളിൽ പറഞ്ഞ ഏജൻസികളിൽ നിന്ന് ലിമിറ്റഡ് ടെണ്ടർ നടത്താവുന്നതാണ്.
iv. തദ്ദേശഭരണ സ്ഥാപനങ്ങളടക്കം മറ്റുള്ളവർക്ക് ഓപ്പൺ ടെണ്ടർ ചെയ്തും ഏജൻസികളെ തെരഞ്ഞെടുക്കാം. എന്നാൽ മുകളിൽ പറഞ്ഞ നിരക്കിലും കുറവായിരിക്കണം.
v. കുടിവെള്ളത്തിന്റെ ആവശ്യകത അനുസരിച്ച് ആർ.ഒ പ്ലാന്റുകൾ പൂർണ്ണതോതിൽ ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കണം.
vi. ആർ.ഒ പ്ലാന്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് 05.09.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി എടുത്ത മറ്റ് തീരുമാനങ്ങൾ (തീരുമാനം.നം.4.13)പാലിക്കണം. (ഈ തീരുമാനങ്ങൾ പരാമർശം(1) സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമാപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&ഇ/ഓഡിറ്റ്/എൽ.ബി.എ)
ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)
തദ്ദേശ സ്വയംഭരണ(ഡി.എ)വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ